മദ്യലഹരിയിൽ യുവതിയുടെ പരാക്രമം; പൊലീസ് ഉദ്യോഗസ്ഥയെ കടിച്ച് പരിക്കേൽപ്പിച്ചു

തൃശൂർ: മദ്യലഹരിയിൽ കാറുകൾ തടഞ്ഞ് പരാക്രമം കാട്ടിയ യുവതി അറസ്റ്റിലായി. ചാഴൂർ സ്വദേശി റഹ്മത്താണ് (21) അറസ്റ്റിലായത്. തൃശൂർ നഗരത്തിൽ ഇന്നലെ അർദ്ധരാത്രയായിരുന്നു സംഭവം. പിടികൂടാനെത്തിയ പൊലീസ് ഉദ്യോഗസ്ഥയെയും യുവതി ആക്രമിച്ചു. വാഹനങ്ങൾ തടഞ്ഞ് പണം ആവശ്യപ്പെട്ട യുവതി യാത്രക്കാരെ ആക്രമിക്കുകയായിരുന്നു. ഇതറിഞ്ഞ് സ്ഥലത്തെത്തിയ പൊലീസ് യുവതിയെ കസ്റ്റഡിയിലെടുത്ത് വൈദ്യപരിശോധനയ്ക്കായി കൊണ്ടുപോകുംവഴിയാണ് ഉദ്യോഗസ്ഥ ആക്രമിക്കപ്പെട്ടത്. തൃശൂർ വനിതാ പൊലീസ് സ്റ്റേഷനിലെ എഎസ്ഐ കലയാണ് ആക്രമിക്കപ്പെട്ടത്. ഉദ്യോഗസ്ഥയെ യുവതി കടിച്ച് പരിക്കേൽപ്പിക്കുകയായിരുന്നു. റഹ്മത്തിനൊപ്പമുണ്ടായിരുന്ന ആൺസുഹൃത്ത് ഇതിനിടെ ഓടിരക്ഷപ്പെട്ടു. തൃശൂർ ഈസ്റ്റ് പൊലീസ് യുവതിക്കെതിരെ കേസെടുത്തിട്ടുണ്ട്.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 155 2026 സെപ്തംബർ 10 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

'റിയാസിന്റെ പേരുപറയാൻ നിർബന്ധിച്ചു, മൊഴി പിൻവലിക്കണമെന്ന് ഇ.ഡിയോട് വാരിസ്

എല്ലാം ഭീഷണിപ്പെടുത്തി പറയിച്ചത്

തിരു: എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് (ഇ.ഡി.) നൽകിയ മൊഴി പിൻവലിച്ച് മുൻ മന്ത്രിയും എം.എൽ.എ.യുമായ പി.എ. മുഹമ്മദ് റിയാസിന്റെ സുഹൃത്ത് വാരിസ്. ഇ.ഡി. ഭീഷണിപ്പെടുത്തി മൊഴിയെടുത്തെന്നാണ് സത്യവാങ്മൂലത്തിൽ ആരോപിക്കുന്നത്. ഇ.ഡി. റെയ്ഡിന് തൊട്ടുപിറ്റേദിവസമാണ് മൊഴി പിൻവലിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നൽകിയത്. സത്യവാങ്മൂലത്തിന്റെ പകർപ്പ് പുറത്തുവന്നു.

ഇക്കഴിഞ്ഞ ഓഗസ്റ്റ് 18-ന് ഇ.ഡി. ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയ മൊഴി സ്വമേധയാ നൽകിയതല്ലെന്നും അത് ഭീഷണിപ്പെടുത്തി ചെയ്യിപ്പിച്ചതാണെന്നുമാണ് വാരിസ് നൽകിയ മൊഴി പിൻവലിക്കൽ സത്യവാങ്മൂലത്തിലുള്ളത്. പി.എ. മുഹമ്മദ് റിയാസ് വൻതുക നൽകിയെന്നും അദ്ദേഹത്തിന്റെ നിർദേശപ്രകാരം ഹവാല മാർഗത്തിലൂടെ ദുബായിലെ ഫൈസാസിന് പണമയച്ചു നൽകിയെന്നും പറയണമെന്ന് ഇ.ഡി. ഉദ്യോഗസ്ഥർ നിർബന്ധിച്ചതായാണ് ആരോപണം. ഈ വിവരങ്ങളെഴുതിയ മൊഴിയിലാണ് നിർബന്ധിച്ച് ഒപ്പുവെപ്പിച്ചതെന്നും വാരിസ് സത്യവാങ്മൂലത്തിൽ പറയുന്നു. റിയാസിൽനിന്നോ അദ്ദേഹത്തിന്റെ ബന്ധുക്കളിൽനിന്നോ പണം കൈപ്പറ്റി ദുബായിലേക്ക് അയച്ചിട്ടില്ല. ആരുടേയും നിർദേശപ്രകാരം ആർക്കും പണമയച്ചിട്ടില്ലെന്നും സത്യവാങ്മൂലത്തിലുണ്ട്.

ബി.ആർക്കിന് പഠിക്കുന്ന 22-കാരിയായ സ്വന്തം മകളെയും പ്രതിയാക്കുമെന്നും ജാമ്യം ലഭിക്കാതെ വർഷങ്ങളോളം ജയിലിലടയ്ക്കുമെന്നും ഭീഷണിപ്പെടുത്തിയതായും വാരിസ് സത്യവാങ്മൂലത്തിൽ പറയുന്നു. സ്വന്തം മകളെ രക്ഷിക്കാനാണോ അതോ മറ്റാരുടെയെങ്കിലും മകളെ രക്ഷിക്കാനാണോ ശ്രമിക്കുന്നതെന്നും ഇ.ഡി. ചോദിച്ചു. അഭിഭാഷകനെ വിളിക്കാൻ തന്റെ ഫോൺ ചോദിച്ചപ്പോൾ നൽകാനാവില്ലെന്നു പറഞ്ഞു. ഏതാണ്ട് 20 സി.ആർ.പി.എഫ്. സേനാംഗങ്ങൾ വീട്ടിലുണ്ടായിരുന്നെന്നും സത്യവാങ്മൂലത്തിലുണ്ട്.

ചിറയിൻകീഴ് കൈയാങ്കളി വിവാദം; രമ്യ ഹരിദാസിനെ താക്കീത് ചെയ്യാൻ സാദ്ധ്യത

തിരു: ചിറയിൻകീഴ് കൈയാങ്കളി വിവാദത്തിൽ രമ്യ ഹരിദാസ് എംഎൽഎയെ താക്കീത് ചെയ്യാൻ സാദ്ധ്യത. എംഎൽഎ ആയതിനാൽ കൂടുതൽ നടപടികൾ ഒഴിവാക്കുമെന്നാണ് സൂചന. ചിറയിൻകീഴിലെ പ്രാദേശിക നേതൃത്വവുമായി യോജിച്ച് പോകാനും പാർട്ടി നിർദേശം നൽകും. ഇന്നലെ എംഎം ഹസൻ സമിതിക്ക് മുന്നിലെത്തി രമ്യ താൻ അച്ചടക്കമുള്ള പാർട്ടിക്കാരിയാണെന്ന് വിശദീകരിച്ചിരുന്നു. എംഎം ഹസൻ അദ്ധ്യക്ഷനായ സമിതി കെപിസിസിക്ക് ഇന്ന് റിപ്പോർട്ട് നൽകും. ഹസൻ പാർട്ടി നേതൃത്വത്തിന് നൽകുന്ന റിപ്പോർട്ടനുസരിച്ചായിരിക്കും തുടർതീരുമാനം.

കൈയാങ്കളി നടന്ന വീടിന്റെ ഉടമസ്ഥൻ സജാദിനെയും പാളയം പ്രദീപിനെയും കെപിസിസി പ്രസിഡന്റ് സണ്ണിജോസഫ് സസ്പെൻഡ് ചെയ്തിരുന്നു. സസ്പെൻഡ് ചെയ്തയാളെ പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെടുത്താൻ രമ്യ ശ്രമിച്ചതിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അതൃപ്തി പ്രകടിപ്പിച്ചിരുന്നു.

പിടിച്ചതിനേക്കാൾ വലുത് 'റെഡ് ബുക്കി'ൽ; 25 കോടിയുടെ ഹവാല ഇടപാട് നടന്നെന്ന് ഇ.ഡി.

തിരു: സി.എം.ആർ.എൽ. പണമിടപാട് കേസ് അന്വേഷിച്ചുചെന്നപ്പോൾ തുറന്നത് മുൻ മന്ത്രി മുഹമ്മദ് റിയാസിനും ഭാര്യ ടി. വീണയ്ക്കും കുരുക്കാവുന്ന കോടിക്കണക്കിന് രൂപയുടെ ഹവാല ഇടപാടാണെന്ന് ഇ.ഡി.യുടെ റിപ്പോർട്ട്. 'റെഡ് ബുക്ക്' തെളിവായി അവതരിപ്പിച്ചാണ് ഇ.ഡി. സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ട് നൽകിയത്. വീണയുടെ താമസസ്ഥലത്തുനടത്തിയ റെയ്ഡിൽ ലഭിച്ച ചുവന്ന ഡയറിയാണിത്. ഇതെക്കുറിച്ചുള്ള അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങളും അനുബന്ധ തെളിവുകളായി കൂട്ടിച്ചേർത്താണ് പോലീസ് മേധാവിക്ക് റിപ്പോർട്ട് നൽകിയത്.

25 കോടിയിലേറെ രൂപയുടെ ഹവാല ഇടപാട് നടന്നിട്ടുണ്ടെന്ന് കണ്ടെത്തിയെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഇ.ഡി. നടത്തിയ അന്വേഷണത്തിൽ ദുബായിലേക്ക് പണം കടത്തിയതിന്റെ തെളിവുകളും കണ്ടെത്തി. ഇവിടെ കൈമാറുന്ന രൂപ ദുബായിൽ അവിടുത്തെ കറൻസിയായി ലഭ്യമാക്കുന്ന ഹവാല ഇടപാടാണ് നടന്നത്. റിയാസിന്റെ സുഹൃത്തുക്കൾ വഴി നടത്തിയ പണമിടപാടുകളെക്കുറിച്ചുള്ള വിവരങ്ങളും ഡയറിയിൽ ഉണ്ടായിരുന്നു. ഇതെല്ലാം വീണ സമ്മതിച്ചെന്ന് വെളിപ്പെടുത്തലും റിപ്പോർട്ടിലുണ്ട്.

ഇടപാടുമായി ബന്ധപ്പെട്ടവരുടെ ഫോണുകൾ പരിശോധിച്ചപ്പോൾ തെളിവ് ലഭിച്ചതായും റിപ്പോർട്ടിൽ പറയുന്നു. ഈ രേഖകളുടെ അടിസ്ഥാനത്തിലുള്ള ചോദ്യങ്ങൾക്കു മുമ്പിലാണ് വീണ, പണമിടപാട് സംബന്ധിച്ച കാര്യങ്ങൾ സമ്മതിച്ചതായും ഇ.ഡി. വ്യക്തമാക്കുന്നു. വീണ ഒപ്പിട്ട മൊഴിയുടെ പകർപ്പും റിപ്പോർട്ടിനൊപ്പമുണ്ട്.ഈ പണം എവിടെനിന്നു വന്നു, എങ്ങോട്ട് പോയി, ആരോക്കെ കൂട്ടുനിന്നു, ഇതിനായി സ്വീകരിച്ച നിയമവിരുദ്ധ നടപടികൾ തുടങ്ങിയ കാര്യങ്ങളാണ് സംസ്ഥാന പോലീസിന്റെ അന്വേഷണത്തിൽ കൂടുതലായി കണ്ടെത്തേണ്ടത്. സി.എം.ആർ.എൽ. പണമിടപാട് കേസേക്കാൾ ഗൗരവമുള്ള കുറ്റകൃത്യമാണ് ഇതിലൂടെ പുറത്തുവരുന്നത്.

കേസ് എടുത്തില്ലെങ്കിൽ പോലീസ് കുടുങ്ങും

തെളിവുകളടക്കം നൽകിയിട്ടും നടപടി ഉണ്ടായില്ലെങ്കിൽ കള്ളപ്പണം വെളുപ്പിക്കൽ നിയമത്തിലെ മൂന്നാം വകുപ്പ് പ്രകാരം പോലീസിനെതിരെ കേസ് എടുക്കുമെന്ന മുന്നറിയിപ്പും ഇ.ഡി. റിപ്പോർട്ടിലുണ്ട്. കള്ളപ്പണം വെളുപ്പിക്കാൻ പരോക്ഷമായി കൂട്ടുനിൽക്കുകയോ അതേക്കുറിച്ച് അറിഞ്ഞിട്ടും മൂടിവെക്കുകയോ ചെയ്യുന്നവർക്കാണ് ഈ വകുപ്പ് ബാധകം. ഇത്രയും ഗൗരവമുള്ള തെളിവുകളടക്കം നൽകിയ റിപ്പോർട്ട് അവഗണിച്ചാൽ സംസ്ഥാന പോലീസ് മേധാവി പ്രതിയാകുമെന്ന വിലയിരുത്തലാണ് സർക്കാരിനുള്ളത്.

മെസിയുടെ പേരിലെ തട്ടിപ്പ്; ആർബിസി 25.78 കോടി നികുതി വെട്ടിച്ചു; അന്വേഷണ റിപ്പോർട്ട്

തിരു: ലയണൽ മെസ്സിയെയും അർജന്റീന ഫുട്ബോൾ ടീമിനെയും കേരളത്തിൽ എത്തിക്കുമെന്ന പ്രഖ്യാപനവുമായി ബന്ധപ്പെട്ട് വലിയ സാമ്പത്തിക തട്ടിപ്പും നികുതി വെട്ടിപ്പും നടന്നതായി ജി.എസ്ടി സ്പെഷൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്തിമ അന്വേഷണ റിപ്പോർട്ട് പുറത്ത്. റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിങ് കമ്പനി (ആർബിസി) 25.78 കോടി രൂപയുടെ നികുതി വെട്ടിച്ചുവെന്നാണ് പ്രധാന കണ്ടെത്തൽ. സംഭവത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ ഒത്താശയുമുണ്ടായിരുന്നതായി റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഡെപ്യൂട്ടി കമ്മീഷണർ വരെ ഇടപെട്ടെന്നും സ്പോൺസറുടെ അക്കൗണ്ടിൽ കോടികൾ വന്നതിൽ ദുരൂഹതയുണ്ടെന്നും കേന്ദ്ര ഏജൻസികൾ അന്വേഷിക്കണമെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു. റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ

നികുതി വെട്ടിപ്പ്: അർജന്റീന ഫുട്ബോൾ അസോസിയേഷനുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളിൽ സർക്കാരിന് ലഭിക്കേണ്ടിയിരുന്ന കോടികളുടെ നികുതി ബോധപൂർവ്വം അടച്ചില്ല. ആകെ 25.78 കോടി രൂപയുടെ നികുതി വെട്ടിപ്പാണ് ജി.എസ്ടി വകുപ്പിന്റെ അന്തിമ റിപ്പോർട്ടിൽ കണക്കാക്കിയിട്ടുള്ളത്.

ഉദ്യോഗസ്ഥരുടെ ഒത്താശ: നികുതി പിരിച്ചെടുക്കുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും ജി.എസ്ടി ആസ്ഥാനത്തെ ഡെപ്യൂട്ടി കമ്മീഷണർ അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയോ ഒത്താശയോ ഉണ്ടായതായി റിപ്പോർട്ട് സംശയിക്കുന്നു. അന്വേഷണ നടപടികൾ ബോധപൂർവ്വം വൈകിപ്പിക്കാനും ചില ഉദ്യോഗസ്ഥർ ഇടപെട്ടു.

പണമിടപാടുകളിലെ ദുരൂഹത: സ്പോൺസർ കമ്പനിയുടെ അക്കൗണ്ടിലേക്ക് മറ്റ് സ്വകാര്യ കമ്പനികളിൽ നിന്നും വലിയ തോതിൽ പണം എത്തിയിട്ടുണ്ട്. പുറത്തുപറഞ്ഞ കണക്കുകളല്ല യഥാർത്ഥത്തിൽ നടന്നിട്ടുള്ളത്. കൊച്ചിയിലെ സ്റ്റേഡിയം നവീകരണത്തിന് യഥാർത്ഥത്തിൽ എട്ട് കോടി രൂപ മാത്രമാണ് ചെലവായതെങ്കിലും, 70 കോടി രൂപ ചെലവായി എന്നാണ് സ്പോൺസർമാർ പ്രചരിപ്പിച്ചത്. കണക്കുകളിൽ കൃത്രിമം കാണിച്ച് ഭീമമായ തുക മറച്ചുവെച്ചു.

കേന്ദ്ര ഏജൻസി അന്വേഷണത്തിന് ശുപാർശ: സംസ്ഥാനത്ത് നിലവിൽ പ്രത്യേക അന്വേഷണ സംഘം കേസ് അന്വേഷിക്കുന്നുണ്ടെങ്കിലും, ഈ സാമ്പത്തിക തട്ടിപ്പിന്റെയും നികുതി വെട്ടിപ്പിന്റെയും വ്യാപ്തി കണക്കിലെടുത്ത് സംഭവത്തിൽ ഒരു കേന്ദ്ര ഏജൻസിയുടെ അന്വേഷണം കൂടി നടത്തണമെന്ന് ജി.എസ്ടി വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. ഫുട്ബോൾ ആരാധകരെ ആവേശത്തിലാഴ്ത്തിയ പ്രഖ്യാപനത്തിന് പിന്നിൽ വലിയ തോതിലുള്ള കള്ളപ്പണയിടപാടും നികുതിവെട്ടിപ്പും നടന്നിട്ടുണ്ടെന്ന ഔദ്യോഗിക വിവരങ്ങളാണ് ഇപ്പോൾ പുറത്തുവരുന്ന അന്വേഷണ റിപ്പോർട്ടിലൂടെ വ്യക്തമാകുന്നത്.

ഇ.ഡി. റിപ്പോർട്ട് തനിക്കെതിരായി വ്യക്തിഹത്യ ലക്ഷ്യമിട്ടുള്ള കള്ളക്കഥ; നിയമപരമായി നേരിടുമെന്ന് മുഹമ്മദ് റിയാസ്

തിരു: ഇ.ഡി. അന്വേഷണവുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ പ്രചരിക്കുന്ന വിവരങ്ങൾ തനിക്കെതിരെ വ്യക്തിഹത്യ ലക്ഷ്യമിട്ട് മെനഞ്ഞെടുത്ത കള്ളക്കഥയാണെന്നും വിഷയത്തെ നിയമപരമായിത്തന്നെ നേരിടുമെന്നും പി.എ. മുഹമ്മദ് റിയാസ്. അന്വേഷണവുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ പുതിയ അസംബന്ധങ്ങൾ ഉണ്ടെന്നും ഇ.ഡി. ചോർത്തി കൊടുത്ത റിപ്പോർട്ടിൽ അത്തരം കാര്യങ്ങൾ ഉണ്ടെങ്കിൽ, അത് വ്യക്തിഹത്യ ചെയ്യാൻ ലക്ഷ്യമിട്ട് ബോധപൂർവ്വം മെനഞ്ഞ കള്ളക്കഥയാണെന്നും റിയാസ് ഫെയ്സ്ബുക്കിൽ കുറിച്ചു.

'ഇത്തരം കാര്യങ്ങൾ വീണ ഇഡിക്കു മുന്നിൽ സമ്മതിച്ചു എന്ന് ഇ.ഡി. ചോർത്തി നൽകിയ വാർത്തയിൽ പറയുന്നുണ്ട്. ഇത് പച്ചക്കള്ളമാണ്. ഇ.ഡി. അന്വേഷണം എന്ന പേരിൽ ചോർത്തി കൊടുത്ത ഇത്തരം അസംബന്ധ വിവരങ്ങളിലൂടെ ജീവിക്കുന്ന മനുഷ്യരുടെ പച്ച ഇറച്ചി തിന്ന് രസിക്കുന്നവരുടെ ആട്ടം തുടരട്ടെ. നിയമപരമായി പോരാടും.'-പിഎ മുഹമ്മദ് റിയാസ് പറഞ്ഞു.

സി.എം.ആർ.എൽ. പണമിടപാട് കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസെടുക്കാനുള്ള നീക്കങ്ങൾ നടക്കുന്ന പശ്ചാത്തലത്തിലാണ് ഈ പ്രതികരണം. സി.എം.ആർ.എല്ലിൽ നിന്ന് ടി. വീണ വഴി പിണറായി വിജയൻ 3.28 കോടി രൂപ കൈക്കൂലി വാങ്ങിയെന്നും ഈ പണം ദുബായിലേക്ക് കടത്തിയെന്നും ആരോപിക്കുന്ന ഇ.ഡി. റിപ്പോർട്ടിൽ മുഹമ്മദ് റിയാസിനും പങ്കുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇ.ഡി. കൈമാറിയ തെളിവുകൾ സർക്കാരിന് അവഗണിക്കാനാവില്ലെന്നും, കേസെടുത്തില്ലെങ്കിൽ അത് സർക്കാരിനെ ബാധിക്കുമെന്നും മന്ത്രിസഭാ യോഗം വിലയിരുത്തിയിരുന്നു. ഈ സാഹചര്യത്തിൽ നിയമോപദേശം ലഭിച്ചശേഷം തീരുമാനമെടുക്കാമെന്ന് മന്ത്രിസഭ തീരുമാനിച്ചത്. പിണറായി വിജയൻ, ടി. വീണ എന്നിവർക്കൊപ്പം മുഹമ്മദ് റിയാസിന്റെ പേരിലും കേസെടുക്കുമെന്ന വാർത്തകൾ പുറത്തുവന്ന സാഹചര്യത്തിലാണ് റിയാസ് നിലപാട് വ്യക്തമാക്കിയത്.

ആന്ധ്രയിൽ നിന്ന് എത്തിച്ച 90 കിലോ കഞ്ചാവ് പിടികൂടി; തിരുവനന്തപുരത്ത് രണ്ടുപേർ കസ്റ്റഡിയിൽ

തിരു : വെള്ളറടയിൽ നിന്ന് 90 കിലോ കഞ്ചാവ് പിടികൂടി. ഇന്ന് പുലർച്ചെയാണ് സംഭവം നടന്നത്. ആന്ധ്രയിൽ നിന്ന് വാങ്ങിയ കഞ്ചാവ് കാറിൽ കൊണ്ടുവരികയായിരുന്നു. രഹസ്യവിവരത്തെ തുടർന്ന് കാർ തടഞ്ഞുനിർത്തി നടത്തിയ പരിശോധനയിലാണ് കഞ്ചാവ് കണ്ടെത്തിയത്. സംഭവത്തിൽ രണ്ടുപേരെ കസ്റ്റഡിയിലെടുത്തു. അഖിൽ എ, സുദിഷ് എന്നിവരെയാണ് പൊലീസ് കസ്റ്റഡിയിലെടുത്തത്. കാറിലെ രഹസ്യ അറയിലായിരുന്നു കഞ്ചാവ് സൂക്ഷിച്ചിരുന്നത്. കേസിൽ കൂടുതൽ അന്വേഷണം നടത്തിവരികയാണെന്ന് പൊലീസ് അറിയിച്ചു.

അതേസമയം, ബക്കറ്റുകളിൽ ഒളിപ്പിച്ച 16.356കിലോ കഞ്ചാവുമായി പശ്ചിമബംഗാൾ സ്വദേശികളായ രണ്ട് യുവാക്കളെ എറണാകുളം എക്സൈസ് റേഞ്ച് സംഘം പിടികൂടിയിരുന്നു. ബാടൂറിയ സ്വദേശി രാജ മണ്ഡൽ (30), സാഗർപ്പാറ സ്വദേശി രാഹുൽ (24) എന്നിവരാണ് അറസ്റ്റിലായത്. ചൊവ്വാഴ്ച രാത്രി 11.30ഓടെ കാക്കനാട് നിന്നാണ് എറണാകുളം എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ അഭിരാജിന്റെ നേതൃത്വത്തിലുള്ള സംഘം പ്രതികളെ അറസ്റ്റുചെയ്തത്.

രണ്ട് ബക്കറ്റുകളിലായി എട്ട് കിലോവീതം കഞ്ചാവ് കംപ്രസ് ചെയ്ത് പശഉപയോഗിച്ച് ഒട്ടിച്ച നിലയിലായിരുന്നു. ട്രെയിനിലാണ് ഇവ കേരളത്തിലെത്തിച്ചത്. ഒരുതവണ കഞ്ചാവ് എത്തിക്കുന്നതിന് ഒരാൾക്ക് 25,000 രൂപയാണ് പ്രതിഫലം. കൃത്യമായ ലൊക്കേഷൻ നിശ്ചയിച്ച് എത്തുന്ന ഇവർ അന്നുതന്നെ പശ്ചിമബംഗാളിലേക്ക് മടങ്ങുന്നതാണ് രീതി. പിടിയിലായ രണ്ട് പ്രതികളും ആദ്യമായാണ് കേരളത്തിൽ എത്തുന്നത്. വഴിയിൽവച്ച് പിടിക്കപ്പെട്ടാൽ പണംനൽകി പുറത്തിറക്കാമെന്ന വാഗ്ദാനം നൽകിയാണ് കഞ്ചാവ് മാഫിയ ഇവരെ കേരളത്തിലേക്ക് അയക്കുന്നത്.

ട്രംപിന്റെ ഭീഷണി വകവെക്കാതെ ഇറാൻ; 'പിക് ആക്സി'ലെ രഹസ്യ ആണവ കേന്ദ്രത്തിൽ വൻ നിർമാണ പ്രവർത്തനം

വാഷിങ്ടൺ: ഇറാന്റെ പ്രധാന ആണവനിലയമായ നതാസിന് സമീപമുള്ള രഹസ്യ ഭൂഗർഭ കേന്ദ്രമായ 'പിക്ക് ആക്സ് മൗണ്ടനിൽ' വൻതോതിൽ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നതായി റിപ്പോർട്ട്. അമേരിക്കൻ തിങ്ക് ടാങ്കായ 'സെന്റർ ഫോർ സ്ട്രാറ്റജിക് ആൻഡ് ഇന്റർനാഷണൽ സ്റ്റഡീസ്' (സിഎസ്ഐഎസ്) ആറുവർഷത്തെ ഉപഗ്രഹ ചിത്രങ്ങൾ വിശകലനം ചെയ്താണ് ഈ വിവരങ്ങൾ പുറത്തുവിട്ടത്

തെഹ്റാനിൽ നിന്ന് ഏകദേശം 140 മൈൽ തെക്കുള്ള നതാസ് ആണവ സമുച്ചയത്തിന് രണ്ട് കിലോമീറ്റർ തെക്കായാണ് ഗെറനൈറ്റ് പാറകൾ തുരന്ന് നിർമിച്ച 'പിക്ക് ആക്സ് മൗണ്ടൻ' സ്ഥിതി ചെയ്യുന്നത്. അന്താരാഷ്ട്ര രഹസ്യാന്വേഷണ ഏജൻസികൾ ഇറാന്റെ പ്രഖ്യാപിക്കപ്പെടാത്ത പുതിയ യുറേനിയം സമ്പുഷ്ടീകരണ കേന്ദ്രമായി ഇതിനെ നിരീക്ഷിച്ചു വരികയായിരുന്നു.

ആഗസ്റ്റ് ഒമ്പതുവരെയുള്ള ഉപഗ്രഹ ചിത്രങ്ങൾ പരിശോധിച്ചതിൽനിന്ന് 2026ൽ നിർമ്മാണ പ്രവർത്തനങ്ങളിൽ വലിയ വർധനവുണ്ടായതായി വ്യക്തമാകുന്നു. കേന്ദ്രത്തിന് ചുറ്റും സുരക്ഷാ മതിലുകൾ നിർമ്മിക്കുകയും റോഡ് ശൃംഖലകൾ ടാർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണും പാറകളും നീക്കം ചെയ്ത് പ്രവേശന കവാടങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയ അവസ്ഥയിലാണ്. കേന്ദ്രം ഖനന ഘട്ടത്തിൽ നിന്ന് ആഭ്യന്തര നിർമ്മാണത്തിലേക്കും ഉപരിതല സുരക്ഷ വർധിപ്പിക്കുന്ന ഘട്ടത്തിലേക്കും മാറിയതായി സിഎസ്ഐഎസ് വിശകലന വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു

2020ൽ ഇറാന്റെ അറ്റോമിക് എനർജി മേധാവിയായിരുന്ന അലി അക്ബർ സ്വാലിഹി പ്രഖ്യാപിച്ചതുപോലെ ഭൂഗർഭ സെന്റ്രിഫ്യൂജ് അസംബ്ലി യൂണിറ്റ് നിർമിക്കുക, നിലവിൽ ഇറാന്റെ കൈവശമുള്ള 60 ശതമാനം സമ്പുഷ്ടീകരിച്ച 440 കിലോഗ്രാം യുറേനിയം, ആയുധ നിലവാരത്തിലേക്ക് ഉയർത്താനായുള്ള സമ്പുഷ്ടീകരണ കേന്ദ്രമാക്കുക, 2025 ജൂണിൽ 'ഓപ്പറേഷൻ മിഡ്നൈറ്റ് ഹാമർ' വഴി അമേരിക്കയും ഇസ്രായേലും ഇസ്ഫഹാനിൽ തകർത്ത ഇറാന്റെ മെറ്റലർജി, കെമിക്കൽ കൺവേർഷൻ സൗകര്യങ്ങൾ പോലെയുള്ള ആണവായുധ ഗവേഷണങ്ങൾ ഈ ഭൂഗർഭ കേന്ദ്രത്തിലേക്ക് മാറ്റുക എന്നിങ്ങനെയുള്ള മൂന്ന് സാധ്യതകളാണ് ഈ നിർമാണ പ്രവർത്തനങ്ങൾക്ക് പിന്നിലെന്ന് സിഎസ്ഐഎസ് ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു.

കഴിഞ്ഞ വർഷം അവസാനത്തോടെ ഇറാൻ സെന്റ്രിഫ്യൂജുകളും അവയുടെ ഭാഗങ്ങളും ഇവിടേക്ക് മാറ്റിയെന്ന ഇസ്രായേലി രഹസ്യാന്വേഷണ അവകാശവാദം പൂർണമായി സ്ഥിരീകരിക്കാനോ തള്ളിക്കളയാനോ തങ്ങൾക്ക് സാധിച്ചിട്ടില്ലെന്നും ഗവേഷകർ വ്യക്തമാക്കി

അതേസമയം, കേന്ദ്രത്തിന് നേരെ ആക്രമണം നടത്തുമെന്ന അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ തുടർച്ചയായ മുന്നറിയിപ്പുകൾക്കിടയിലാണ് ഈ നിർമാണങ്ങൾ. 'ഞങ്ങൾ ഉടൻ തന്നെ പിക്ക് ആക്സിന് നേരെ ആക്രമണം നടത്തിയേക്കാം, അവിടെ ചലിക്കുന്ന എല്ലാവരെയും ഞങ്ങൾ നിരീക്ഷിക്കുന്നുണ്ട്' എന്ന് ട്രംപ് കഴിഞ്ഞ ആഴ്ച വ്യക്തമാക്കിയിരുന്നു.

ഭൂഗർഭ താവളത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് വ്യക്തമാക്കാൻ ഉപഗ്രഹ ചിത്രങ്ങൾ പര്യാപ്തമല്ലെന്ന് വ്യക്തമാക്കിയ ഇറാനിയൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ, നിഗമനങ്ങളിലെത്താൻ ഐ.എ.ഇ.എ സംഘം സ്ഥലം നേരിട്ട് സന്ദർശിച്ച് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇറാൻ അതിനുള്ള സൗകര്യം ചെയ്തുകൊടുത്തില്ല. അന്താരാഷ്ട്ര ആറ്റോമിക് എനർജി ഏജൻസി നിരവധി തവണ വിവരങ്ങളും കേന്ദ്രത്തിലേക്ക് പ്രവേശാനുമതിയും ആവശ്യപ്പെട്ടെങ്കിലും ഇറാൻ ഇതുവരെ മറുപടി നൽകിയിട്ടില്ല.

അമേരിക്കയുടെ ഏറ്റവും ശേഷിയേറിയ 'ജിബിയു-57 മാസീവ് ഓർഡിനൻസ് പെനട്രേറ്റർ' പോലുള്ള നോൺ-ന്യൂക്ലിയർ ആയുധങ്ങൾ ഉപയോഗിച്ചാൽപോലും തകർക്കാൻ പ്രയാസമുള്ള വൻ ഗെറനൈറ്റ് പാറക്കോട്ടക്കുള്ളിലാണ് നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നത്.

കഞ്ചാവ് കടത്തുന്നതിനിടെ പൊലീസിനെ കാറിടിപ്പിച്ച് കൊല്ലാൻ ശ്രമിച്ച പ്രതികൾ പിടിയിൽ

പാലാ: കഞ്ചാവ് കടത്തുന്നതിനിടെ വാഹന പരിശോധനക്കു ശ്രമിച്ച പൊലീസ് ഉദ്യോഗസ്ഥരെ കാറിടിച്ചു കൊല്ലാൻ ശ്രമിച്ചവരെ പൊലീസ് സാഹസികമായി പിടികൂടി. എറണാകുളത്തുനിന്ന് കാറിൽ കഞ്ചാവുമായി മൂന്നു യുവാക്കൾ വരുന്നതായി വിവരം ലഭിച്ച പൊലീസ് പാലാ ആർ.വി ജങ്ഷൻ ഭാഗത്തു വാഹന പരിശോധന നടത്തുന്നതിനിടെയാണു സംഭവം.

പൊലീസ് ഉദ്യോഗസ്ഥരെ കാറിടിച്ച് അപായപ്പെടുത്തി രക്ഷപ്പെടാൻ ശ്രമിച്ച ഈരാറ്റുപേട്ട നടയ്ക്കൽ തേക്കടിമുക്ക് കണിയാംകുന്നേൽ വീട്ടിൽ വി.എം. ഷാഹിദ് (29), തൊടുപുഴ കുമാരമംഗലം വെങ്ങല്ലൂർ പുത്തൻ വീട്ടിൽ പി.ഐ. അജ്മൽ (33), എറണാകുളം നെട്ടൂർ പരത്തിച്ചോട് വെട്ടിക്കാട്ട് പറമ്പിൽ വീട്ടിൽ വി.എ. മുഹമ്മദ് സഹൽ (30) എന്നിവരാണ് പിടിയിലായത്. കഞ്ചാവ് കടത്തിന് വിവിധ സ്റ്റേഷനുകളിൽ ഇവർക്കെതിരെ കേസുണ്ട്. ഇവർ കാറിൽ കടത്തിക്കൊണ്ടുവന്ന 430 ഗ്രാം കഞ്ചാവ് പിടിച്ചെടുത്തു.

കോടതി പരസ്യം

ബഹു. തൃശ്ശൂർ ചിട്ടി രജിസ്ട്രാർ / ആർബിട്രേറ്റർ മുമ്പാകെ

Dispute No. 955 /2025

കേരം ചിറ്റ്സ് & ലോൺസ്. പ്രൈവറ്റ് ലിമിറ്റഡ്
-ഹർജിക്കാരൻ

1) തലപ്പിള്ളി താലൂക്ക്, പുതുരുത്തി വില്ലേജ് ദേശത്ത്, പുതുരുത്തി പി ഒ-682623, അയ്യപ്പത്ത് ഭാസ്കര മേനോൻ മകൻ പ്രശാന്ത് മോഹൻ
-2-ാം എതൃകക്ഷി

മേൽ നമ്പർ ഹർജികാര്യത്തിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുവാൻ കൽപിച്ച് മേൽ നമ്പർ ഹർജി **24-09-2026** വിചാരണക്കുവെച്ചിട്ടുള്ളതും ഇക്കാര്യത്തിൽ ഏന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ നിങ്ങളോ അധികാരപ്പെടുത്തിയ അഡ്വക്കേറ്റോ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ ഹർജി തീർപ്പ് കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 2026 സെപ്തംബർ മാസം 05 തിയ്യതി
ഹർജിഭാഗം അഡ്വക്കേറ്റ് :
പ്രവീൺ മോഹൻ വി (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശ്ശൂർ പ്രിൻസിപ്പൽ സബ്ബ് കോടതി മുമ്പാകെ

OS: 1601/2011
EP: 15/2022

ലസ്റ്റർ കുറീസ് പ്രൈവറ്റ് ലിമിറ്റഡ് -ന് വേണ്ടി മാനേജിങ്ങ് ഡയറക്ടർ ഫ്രാൻസീസ് പോൾ
-വിധി ഉടമ

തൃശ്ശൂർ താലൂക്ക്, വെളുത്തൂർ വില്ലേജ്, കുന്നത്തങ്ങാടി ദേശത്ത്, മാളിയേക്കൽ വീട്ടിൽ ജെയ്സൺ ഭാര്യ 40 വയസ്സ്, ഷീജ
-5-ാം വിധികടക്കാരി

മേൽ നമ്പറിൽ 5-ാം വിധികടക്കാരിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ ഉത്തരവായി മേൽ നമ്പർ കേസ് **19-09-2026** തിയ്യതി വിചാരണയ്ക്ക് വെച്ചിട്ടുള്ളതും ആക്ഷേപമുള്ളവർ അന്നേ ദിവസം പകൽ 11 മണിക്ക് ബഹു: കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പു കല്പ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 7-09-2026
വിധി ഉടമഭാഗം അഡ്വക്കേറ്റ്
ടി ആർ രാജീവ് (ഒപ്പ്)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട MACT മുമ്പാകെ

OP(MV): 1162/2021
IA: 2/2022

The United India Insurance Co. Ltd
-ഹരജിക്കാരൻ/
3-ാം എതൃകക്ഷി

Sadan, Cheriyapadath House, P. O. Mala
-2-ാം എതൃകക്ഷി/
(1-ാം എതൃകക്ഷി)

മേൽ നമ്പർ IA: 2/2022 -ാം നമ്പർ ഹരജികാര്യത്തിന്മേൽ1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ ബോധിപ്പിച്ച ഹരജി അനുവദിച്ച് മേൽ നമ്പ്ര് കേസ് **11-09-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണ്.

എന്ന്, 10-09-2026
ഹരജിഭാഗം (R3)
അഡ്വക്കേറ്റ്
എൽ. ജെ. ടോണി (ഒപ്പ്)

COURT NOTICE
BEFORE THE HONOURABLE MACT COURT OTTAPPALAM

OP (MV): 1182/2024

Abin Saji
-Petitiner

Vineesh T.V. S/o. Vinod T.R, Thandassery HOuse, Laloor, Elthuruthu P.O., Thrissur-680611
-Respondent No.1

The afforesaid Respondent take notice, the above petition is posted for appearance on **09-10-2026** at 11.00 am before this Tribunal, you are here by orderd to appear either in person or through pleader or someone authorised by law to appear on behalf of you, to answer the said petition and to submit objections if any, failing which the said petition will be heared and decided ex-parte.

Date: 10/09/2026
Advocate for Petitioner
P K JOHN (Sd/-)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

വടക്കാഞ്ചേരി മണ്ഡലത്തിലെ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 84 ലക്ഷം രൂപ:

സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ

വടക്കാഞ്ചേരി: മണ്ഡലത്തിലെ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 84 ലക്ഷം രൂപ അനുവദിച്ചതായി സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ അറിയിച്ചു.

ആകെ 24.315 കിലോമീറ്റർ പൊതുമരാമത്ത് റോഡുകളിലാണ് 83.88 ലക്ഷം രൂപ ചെലവഴിച്ച് അറ്റകുറ്റപ്പണികൾ ചെയ്യുന്നത്. ഭരണാനുമതി ലഭിച്ച റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിക്ക് സാങ്കേതികാനുമതിക്കായുള്ള നടപടികൾ പുരോഗമിക്കുകയാണ്.

കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ സംസ്ഥാനപാതയിൽ കെൽട്രോൺ മുതൽ മദർ തെരേസ കപ്പേള വരെയും പാർളിക്കാട് ബസ് സ്റ്റോപ്പ് മുതൽ പരുത്തിപ്ര വരെയും രണ്ട് ചെയിനേജുകളിലായി ആകെ 6.045 കിലോമീറ്റർ ദൂരമാണ് റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുന്നത്. വാഴാനി റോഡ് 8 കിലോമീറ്റർ ദൂരവും, അത്താണി - മെഡിക്കൽ കോളേജ് റോഡ് 5.5 കിലോമീറ്റർ ദൂരവും, പഴയ മെഡിക്കൽ കോളേജ് റോഡ് 0.75 കിലോമീറ്റർ ദൂരവും, വേലൂർ ചുങ്കം - തയ്യൂർ - കുമ്പളങ്ങാട് റോഡ് 3.7 കിലോമീറ്റർ ദൂരവും, ഓട്ടുപാറ ടി.ബി. റോഡ് 0.32 കിലോമീറ്റർ ദൂരവും പ്രവൃത്തിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നിർവ്വഹിക്കും.

വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷന് മുൻപിൽ സംസ്ഥാനപാതയിൽ റോഡ് ബ്ലീഡ് ചെയ്ത് ബൾജായി രൂപപ്പെട്ട ഉയർച്ച താഴ്ച്ചകളിൽ ഏറ്റവും മോശമായ ഭാഗത്ത് അറ്റകുറ്റപണികൾക്കായി 18 ലക്ഷം രൂപ വിനിയോഗിക്കും.

റോഡിന്റെ വശങ്ങളിലെ ചെടിപടലങ്ങൾ നീക്കം ചെയ്യൽ, മര ചില്ലകൾ നീക്കം ചെയ്യൽ, കൾവെർട്ടുകളിലെ തടസ്സം നീക്കൽ, റോഡിൽ രൂപപ്പെടുന്ന മൺതിട്ടകൾ നീക്കം ചെയ്യൽ, റോഡിലെ കുഴികൾ അടയ്ക്കുന്നതിന് ചിപ്പിംഗ് കാർപ്പെറ്റ് റോഡ് പാച്ചിംഗ്, ബി.സി. റോഡ് പാച്ചിംഗ്, തകരാറിലായ ഡ്രെയിൻ കവർ സ്ലാബുകൾ പുന:സ്ഥാപിക്കൽ, എമർജൻസി റോഡ് സേഫ്റ്റി ബോർഡുകൾ സ്ഥാപിക്കൽ, മാഞ്ഞുപോയ ലൈൻ മാർക്കിങ്ങുകൾ വീണ്ടും വരയ്ക്കൽ, സൈൻ ബോർഡുകൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള മെയിന്റെനൻസ് പ്രവൃത്തികളാണ് റണ്ണിംഗ് കോൺട്രാക്ടിൽ പ്രധാനമായും ഉൾപ്പെടുന്നത്.

പ്രവൃത്തിക്ക് അടിയന്തരമായി സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ ചെയ്യാൻ ആവശ്യമായി നടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ വ്യക്തമാക്കി.

സീറ്റ് ബെൽറ്റ് ഉപയോഗം കർശനമാക്കണം: സുപ്രീം കോടതി

ന്യൂഡൽഹി: വാഹനങ്ങളിലെ സീറ്റ് ബെൽറ്റ് ഉപയോഗം കർശനമാക്കണമെന്ന് സുപ്രീം കോടതി നിർദേശം നൽകി. ഗവേഷകൻ ഡോ. ജ്യോതിദേവ് കേശവദേവ് നൽകിയ പൊതുതാത്പര്യ ഹർജി പരിഗണിക്കവെയാണ് നിർദ്ദേശം നൽകിയത്. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിൽ അലംഭാവം കാണിക്കുന്നതിനെ വിമർശിച്ചു. പിൻസീറ്റ് ബെൽറ്റുകൾ ധരിക്കാത്തത് മൂലമുള്ള മരണങ്ങളിൽ കോടതി സംശയം പ്രകടിപ്പിച്ചു. സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും നടപടികളും ചലാൻ വിവരങ്ങളും നൽകണമെന്ന് കോടതി നിർദേശിച്ചു.

ഏങ്ങണ്ടിയൂർ കടപ്പുറം തീരങ്ങളിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി

ചാവക്കാട് : കടലേറ്റം രൂക്ഷമായ ഏത്തായ് പൊക്കുളങ്ങര തീര പ്രദേശങ്ങളിലും കടപ്പുറം പഞ്ചായത്ത് തീര പ്രദേശങ്ങളിലും ചെല്ലാനം മാതൃകയിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി യാഥാർത്ഥ്യമാകുന്നു. ഏത്തായ് മുതൽ വാടാനപ്പിള്ളി വരെയുള്ള പ്രദേശത്തെ 236 കോടി രൂപയുടെ പ്രവൃത്തി ഡിസംബറിൽ ടെണ്ടർ നടപടി സ്വീകരിക്കുമെന്ന് എൻ.കെ അക്ബർ എം.എൽ.എ.

കടലേറ്റം രൂക്ഷമായ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ ഏത്തായ് മുതൽ പൊക്കുളങ്ങര വരെയുള്ള പ്രദേശങ്ങളിൽ ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിന്റെ ഭാഗമായി മിഷൻ ഡയറക്ടറേറ്റിലെ ഉന്നത ഉദ്യോഗസ്ഥർ ഗുരുവായൂർ എം.എൽ.എ. എൻ.കെ.അക്ബറിൻറെ സാന്നിദ്ധ്യത്തിൽ സന്ദർശനം നടത്തി. ജനപ്രതിനിധികൾ, ഇറിഗേഷൻ വകുപ്പ്, മിഷൻ ഡയറക്ടറേറ്റ് എന്നിവയിലെ ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു. എ.ഡി.ബി. പദ്ധതിയിൽ ഉൾപ്പെടുത്തി ഏത്തായ് മുതൽ വാടാനപ്പള്ളി വരെ ചെല്ലാനം മാതൃകയിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 236 കോടി രൂപയുടെ വിശദമായ ഡി.പി.ആർ. സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. ഡിസംബറോടെ പദ്ധതി ടെണ്ടർ ചെയ്യുമെന്ന് ഉദ്യോഗസ്ഥർ എം.എൽ.എ.യെ അറിയിച്ചു. സെൻറർ വാട്ടർ ആൻറ് പവർ റിസർച്ച് സ്റ്റേഷൻറെ സീനിയർ സയൻറിസ്റ്റ്, മിഷൻ ഡയറക്ടറേറ്റിലെ എഞ്ചിനീയർമാർ തുടങ്ങിയ സംഘമാണ് സന്ദർശനം നടത്തിയത്. കടൽ ക്ഷോഭം രൂക്ഷമായ പ്രദേശമായ ഏത്തായ് മുതൽ പൊക്കുളങ്ങര വരെയുള്ള തീര പ്രദേശങ്ങളിൽ അടുത്തിടെയുണ്ടായ കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി വലിയരീതിയിൽ കടൽ കയറുന്ന സാഹചര്യം ഉണ്ടായിരുന്നു. ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തോടെ തീരവാസികളുടെ ആശങ്കക്ക് പരിഹാരമാകുകയാണ്.

ഇതിന് തുടർച്ചയായി കടപ്പുറം ഗ്രാമപഞ്ചായത്തിൽ കടൽക്ഷോഭം തടയുന്നതിനായി 5 കി.മീ ദൂരത്തിൽ ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിന് കഴിഞ്ഞ ദിവസം സാമൂഹികാഘാത പഠനത്തിനായി അൾട്രാടെക് എൻവിയോൺമെൻറൽ കൺസൾട്ടൻസി ഉദ്യോഗസ്ഥർ സർവ്വേ നടത്തിയിട്ടുള്ളതാണ്. കടപ്പുറം ഗ്രാമപഞ്ചായത്തിൽ ലോക ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പാരിസ്ഥിതികാനുമതി ലഭ്യമാക്കി മിഷൻ ഡയറക്ടറേറ്റിൽ നിന്നുള്ള വിശദമായ ഡ്രോയിംഗ് , പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായ ഡി.പി.ആർ. ഉടൻ തയ്യാറാക്കി സമർപ്പിക്കുമെന്ന് ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥർ എം.എൽ.എ. യെ അറിയിച്ചു.

കോടതി പരസ്യം

ബഹു: തൃശ്ശൂർ മുൻസിഫ് കോടതി മുമ്പാകെ

O.S 1924/2024

ത്രിവേണി നിധി ലിമിറ്റഡ് Rep by ചെയർമാൻ ഗോവിന്ദ രാജൻ

-വാദി

1. തൃശ്ശൂർ താലൂക്ക് കുറുമ്പിലാവ് വില്ലേജ് പഴുവിൽ ദേശത്ത് ഒളാട്ട് ചന്ദ്രൻ മകൻ ഉദ്ദേശം 39 വയസ്സ് ടൈൽ വർക്ക് ഷിജു

-3-ാം പ്രതി

മേൽ നമ്പ്ര് കേസിൽ 3-ാം പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ച് നടത്താൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **22-09-2026** തിയ്യതി വച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു: കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പ്ര് കേസ് തീർപ്പ് കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

എന്ന്, 2026 സെപ്റ്റംബർ മാസം 8 ന്
വാദിഭാഗം അഡ്വക്കെറ്റ്
സി. എസ്. എ ഇല്ലാഹ്
(ഒപ്പ്)

ഒപ്പ്ശേഖരണം ഉദ്ഘാടനം

ഇരിഞ്ഞാലക്കുട: റെയിൽവേ സ്റ്റേഷനോടുള്ള അവഗണനക്കെതിരെ കേന്ദ്ര റെയിൽവേ മന്ത്രിക്കും, ഇരിഞ്ഞാലക്കുട ജില്ല രൂപീകരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി വി . ഡി. സതീശനും ഇരിഞ്ഞാലക്കുട റെയിൽവേ സ്റ്റേഷൻ വികസനസമിതി നൽകുന്ന ഒരു ലക്ഷം പേരുടെ ഭീമ ഹർജിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുള്ള ഒപ്പ് ശേഖരണത്തിന്റെ ഉദ്ഘാടനം ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ ജോൺ പാലിയേക്കര നിർവഹിച്ചു.കഴിഞ്ഞ ഒന്നര വർഷമായി റെയിൽവേ സ്റ്റേഷൻ വികസനസമിതി നടത്തുന്ന പ്രവർത്തനങ്ങളെ അദ്ദേഹം പ്രകീർത്തിച്ചു.

മുകുന്ദപുരം, കൊടുങ്ങല്ലൂർ, ചാലക്കുടി താലൂക്കുകൾ ഉൾപ്പെടുത്തി ഇരിഞ്ഞാലക്കുട ജില്ല രൂപീകരിച്ചാൽ, ജില്ല ആസ്ഥാനമെന്ന നിലയിൽ റെയിൽവേ സ്റ്റേഷനുണ്ടാകുന്ന വൻവികസനമാണ് വികസനസമിതി മുൻകൂട്ടി കാണുന്നത്. വീസ്തീർണത്തിൽ തിരുവനന്തപുരത്തിനൊപ്പവും, ആലപ്പുഴയെക്കാൾ വളരെ വലിയതും ജനസംഖ്യയിൽ ഇടുക്കി, പത്തനംതിട്ട, വയനാട് ജില്ലകളെക്കാൾ വളരെ മുന്നിലുമാണ് നിർദ്ധിഷ്ട ഇരിഞ്ഞാലക്കുട ജില്ല.

റെയിൽവേ സ്റ്റേഷൻ വികസനസമിതി പ്രസിഡന്റ് വർഗീസ് പന്തലൂക്കാരൻ, ഭാരവാഹികളായ അഡ്വ കെ. എഫ് ജോസ്, സോമൻ ശാരദാലയം, ഡേവിസ് തുളുവത്ത്, കുമാരൻ കൊട്ടാരത്തിൽ, ജോസ് കുഴിവെലി എന്നിവർ ഒപ്പുശേഖരണ ഉദ്ഘാടനത്തിൽ പങ്കെടുത്തു.

തൃശ്ശൂർ ജില്ലയിൽ ഡയറി പ്രമോട്ടർ നിയമനം: അപേക്ഷകൾ സെപ്റ്റംബർ 14 വരെ സ്വീകരിക്കും

തൃശൂർ: ക്ഷീരവികസന വകുപ്പിന്റെ 2026-27 സാമ്പത്തിക വർഷത്തെ തീറ്റപ്പുൽ വികസന പദ്ധതി നടപ്പിലാക്കാൻ സഹായിക്കുന്നതിനായി തൃശൂർ ജില്ലയിലെ വിവിധ ക്ഷീരവികസന യൂണിറ്റുകളിലേക്ക് ഡയറി പ്രമോട്ടർമാരെ താത്കാലികമായി കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. 18-നും 45-നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. എസ്.എസ്.എൽ.സിയാണ് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. അപേക്ഷകർ അതത് ക്ഷീരവികസന യൂണിറ്റ് പരിധിയിൽ തന്നെ താമസിക്കുന്നവരായിരിക്കണം. താത്പര്യമുള്ളവർ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സെപ്റ്റംബർ 14-ന് വൈകിട്ട് അഞ്ചിനകം ബന്ധപ്പെട്ട ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിന്റെ മാതൃകയ്ക്കുമായി ജില്ലയിലെ ക്ഷീരവികസന ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0487 2321660.

വെള്ളാങ്ങലൂർ ബ്ളോക്ക് പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പ് എടതിരിഞ്ഞി ഡിവിഷൻ എൽ ഡി എഫ് കൺവെൻഷൻ

പടിയൂർ : വെള്ളാങ്ങല്ലൂർ ബ്ളോക്ക് പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പ് എടതിരിഞ്ഞി ഡിവിഷൻ എൽ ഡി എഫ് സ്ഥാനാർഥി വി ആർ.രമേഷ്ന്റെ വിജയത്തിനായി ഇടതുപക്ഷ ജനാതിപത്യ മുന്നണി ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കൺവെൻഷൻ നടന്നു,സിപിഐ എം തൃശൂർ ജില്ലാ സെക്രട്ടറി കെ വി അബ്ദുൾഖാദർ,ഉത്ഘാടനം ചെയ്തു,സി പി ഐ ജില്ല എക്സിക്യൂട്ടീവ് അംഗം പി. മണി അദ്ധ്യക്ഷത വഹിച്ചു,

സിപിഐ തൃശൂർ ജില്ലാ സെക്രട്ടറി കെ ജി.ശിവാനന്ദൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ സുധീഷ്, സി പി ഐ എം ജില്ലാ സെക്രട്ടറിയേറ്റ് അംഗം പി കെ ഡേവീസ്,എൻ കെ.ഉദയപ്രകാശ്, ഉല്ലാസ് കളക്കാട്ട്, വി എ മനോജ്കുമാർ എന്നിവർ പ്രസംഗിച്ചു തെരഞ്ഞെടുപ്പ് കമ്മിറ്റി ഭാരവാഹികളായി പി. മണി (സെക്രട്ടറി) ഒ എൻ അജിത് കുമാർ (പ്രസിഡണ്ട്) അനിത രാധാകൃഷ്ണൻ (ട്രഷറർ)എന്നിവരെ തെരഞ്ഞെടുത്തു.

രണ്ട് ജില്ലകളിൽ യെല്ലോ അലർട്ട്

തൃശ്ശൂർ: കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് പ്രകാരം ഇന്ന് ആലപ്പുഴ, എറണാകുളം ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ നാല് ജില്ലകളിൽ ശക്തമായ മഴ മുന്നറിയിപ്പുണ്ട്. വടക്കൻ ബംഗാൾ ഉൾക്കടലിനും അതിനോട് ചേർന്ന ബംഗ്ലാദേശ് തീരപ്രദേശത്തിനും മുകളിലായി നിലനിൽക്കുന്ന ചക്രവാതചുഴിയുടെ സ്വാധീനഫലമായി പുതിയ ന്യൂനമർദം രൂപപ്പെടാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥഅറിയിച്ചു.

ക്ഷേത്രത്തിൽ മോഷണം

കയ്പമംഗലം: ചളിങ്ങാട് ക്ഷേത്രത്തിൽ മോഷണം. പള്ളിനട മലയാറ്റിൽ ഭഗവതി ക്ഷേത്രത്തിലാണ് മോഷണം നടന്നത്. ശ്രീകോവിൽ തുറന്ന് വിഗ്രഹത്തിൽ ചാർത്തിയിരുന്ന താലിയും ക്ഷേത്ര മതിൽക്കെട്ടിനകത്തുള്ള ഭണ്ഡാരം കുത്തിത്തുറന്ന് പണവും കവർന്നിട്ടുണ്ട്. കയ്പമംഗലം പോലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു

പിആർ ബാലൻ അനുസ്മരണം

തൃശൂർ: സിപിഐ എം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഏരിയ സെക്രട്ടറിയായിരുന്ന പി ആർ ബാലൻ മാസ്റ്ററെ അനുസ്മരിച്ചു. എസ് എൻക്ലബ്ബ് ഹാളിൽ അനുസ്മരണ സമ്മേളനം എസ് എഫ് ഐ മുൻ അഖിലേന്ത്യ വൈസ് പ്രസിഡന്റ് ഡോ. നിധിഷ് നാരായണൻ ഉദ്ഘാടനം ചെയ്തു.

ജില്ല കമ്മിറ്റി അംഗം അഡ്വ. കെ ആർ വിജയ അധ്യക്ഷയായി. ജില്ല കമ്മിറ്റി അംഗം ഉല്ലാസ് കളക്കാട്ട് അനുസ്മരണ പ്രഭാഷണം നടത്തി. അശോകൻ ചരുവിൽ, ടി ജി ശങ്കരനാരായണൻ എന്നിവർ സംസാരിച്ചു. വിഎ മനോജ് കുമാർ സ്വാഗതവും ആർ എൽ ശ്രീലാൽ നന്ദിയും പറഞ്ഞു.

ജില്ലാ ഭരണകേന്ദ്രത്തിലെ പക്ഷിശല്യം അതിരൂക്ഷം

തൃശൂർ: ജില്ലാ ഭരണകേന്ദ്രത്തിലെ പക്ഷിശല്യം ഈ വർഷവും അതിരൂക്ഷമായി തീർന്നിരിക്കയാണ്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും പലവിധ ആവശ്യങ്ങൾക്കായി ഭരണ സിരാകേന്ദ്രമായ കളക്ടറേറ്റിലേക്കും, കോടതികളിലേക്കും, മറ്റു ഓഫീസുകളിലേക്കും വരുന്ന ജനങ്ങൾ, പരിസരത്തെ കച്ചവടക്കാർ, താമസക്കാർ, ഓട്ടോ ടാക്സി ഡ്രൈവർമാർ, സർക്കാർ ജീവനക്കാർ, വക്കീൽമാർ തുടങ്ങി ഏവർക്കും ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടവരുത്തുന്ന ദേശാടനപക്ഷികളുടെ ഭീഷണിക്ക് ശാശ്വത പരിഹാരം കാണുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അയ്യന്തോൾ ജനകീയസമിതി ആവശ്യപ്പെട്ടു.

ഏതാനം വര്ഷങ്ങളായി സീസൺ ആയിക്കഴിഞ്ഞാൽ ആയിരക്കണക്കിന് പക്ഷികൾ കളക്ടറേറ്റിനും, കുട്ടികളുടെ പാർക്കിനും സമീപത്തെ മരച്ചില്ലകളിൽ കൂടുകൂട്ടുകയാണ്.

കളക്ടറേറ്റിലേക്ക് നടന്നും, ഇരുചക്ര വാഹനങ്ങളിലും എത്തുന്നവരുടെ ദേഹത്തും വാഹനങ്ങളിലും അവയുടെ കാഷ്ടം വീഴും. പക്ഷികളുടെ ചത്തുചീഞ്ഞ ജഡങ്ങളും വഴിയിൽ നിറയുന്നു. പരിസരം മുഴുവൻ ദുർഗന്ധമാണ്. ഫുട്ട് പാത്തിലെ ചുവന്ന ടൈലുകൾ മുഴുവൻ പക്ഷി കാഷ്ടം വീണു വെള്ള നിറമായി.

പക്ഷികളുടെ കാഷ്ടത്തിന്റെ പൊടികൾ കാറ്റിൽ വ്യാപിക്കുന്നതും, ശ്വസിക്കുന്നതും പലവിധ രോഗങ്ങൾ പരത്തുന്നതിനു ഇടവരുത്തുമെന്ന് ആരോഗ്യവിദഗ്ദ്ധർ പറയുന്നു. കളക്ടറേറ്റിനു സമീപത്തു പോലും ജനങ്ങൾക്ക് പ്രവേശിക്കാൻ കഴിയാത്തവിധം രൂക്ഷമായ ദുർഗന്ധവും, ശല്യവുമാണ് അനുഭവപ്പെടുന്നത്. തലയിൽ മുണ്ടിട്ടിട്ടാണ് ജനങ്ങൾ കളക്ടറേറ്റിന്റെ പ്രധാന കവാടം കടക്കുന്നത്.

കളക്ടറേറ്റ് പരിസരത്തെ റോഡും ഫുട്ട് പാത്തും വൃത്തിയാക്കുന്ന കോർപറേഷൻ തൊഴിലാളികൾ പക്ഷി കാഷ്ട്ടം ഭയന്ന്, നല്ല വെയിലത്തും റെയിൻ കോട്ട് ധരിച്ചാണ് പരിസരം വൃത്തിയാക്കുന്നത്.

സീസൺ കാലത്തു പക്ഷികൾ കൂട്കൂട്ടുന്ന കളക്ടറേറ്റിനു സമീപത്തെയും സിവിൽ ലൈൻ പാർക്കിലെയും പാഴ്മരങ്ങളുടെ ഏതാനം ചില്ലകൾ കഴിഞ്ഞ വർഷം മുറിച്ചു മാറ്റിയിരുന്നെങ്കിലും,

ഈ സീസണിലും പക്ഷികളുടെ ശല്യം കുറഞ്ഞിട്ടില്ല. ഈ വിഷയത്തിൽ വിദഗ്ദ്ധരായവരെക്കൊണ്ട് പഠനംനടത്തി ജില്ലാ ആസ്ഥാനത്തു എത്തുന്ന സാധാരണ ജനങ്ങളുടെയും, പരിസരവാസികളുടെയും ദുരിതം മാറ്റുവാൻ ശാസ്ത്രീയ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ കളക്ടർക്ക് അയ്യന്തോൾ ജനകീയ സമിതി . സമിതി കൺവീനർ ജെയിംസ് മുട്ടിക്കൽ നിവേദനം നൽകി.

ഷൂട്ടിംഗ് സെറ്റിൽ ഷോക്കേറ്റ് ടെക്നീഷ്യന് ദാരുണാന്ത്യം

തൃശ്ശൂർ: ആലുവ എടയാറിൽ സിനിമാ ഷൂട്ടിംഗ് ലൊക്കേഷനിൽ ഉണ്ടായ അപകടത്തിൽ ടെക്നീഷ്യന് ദാരുണാന്ത്യം. തൃശ്ശൂർ സ്വദേശിയായ വിഷ്ണുവാണ് ലൈറ്റിങ് ജോലികൾക്കിടെ ഷോക്കേറ്റ് മരണപ്പെട്ടത്. പ്രമുഖ നടൻ നിവിൻ പോളി കേന്ദ്രകഥാപാത്രമാകുന്ന പുതിയ ചിത്രത്തിന്റെ ഷൂട്ടിങ് സെറ്റിലാണ് ദാരുണമായ സംഭവം നടന്നത്. എടയാറിലെ ലൊക്കേഷനിൽ ചിത്രീകരണത്തിന്റെ ആദ്യ ദിനമായിരുന്നു ഇന്ന്. ജോലികൾ പുരോഗമിക്കുന്നതിനിടെ അപ്രതീക്ഷിതമായി വിഷ്ണുവിന് ഷോക്കേൽക്കുകയായിരുന്നു. ഉടൻ തന്നെ സമീപത്തുള്ള ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

നിര്യാതനായി

തമ്പി

ചാലിശ്ശേരി : പോലീസ് സ്റ്റേഷന് സമീപം ചെറുവത്തൂർ പരേതനായ ചുമ്മാരുകുട്ടി മകൻ തമ്പി (83) അന്തരിച്ചു. സംസ്കാരം ഇന്ന് വൈകിട്ട് 4.30ന് സി എസ് ഐ സെന്റ് ലൂക്ക്സ് പള്ളി സെമിത്തേരിയിൽ.

ഭാര്യ: സൂസ്സന മക്കൾ :റോബർട്ട് (കോൺഗ്രസ് തൃത്താല ബ്ലോക്ക് വൈസ് പ്രസിഡന്റ്, അർബൻ ബാങ്ക് ഡയറക്ടർ ബോർഡ് അംഗം) റിനി (തൃശൂർ ജില്ല ഇൻഷൂറൻസ് ഡെവലപ്പ്മെന്റ് ഓഫീസർ), റോഷിത് (പെയ്യിന്റ് ഹൗസ് കേച്ചേരി) മരുമക്കൾ : ലൈല (അധ്യാപിക സി.എം സ് സ്കൂൾ കുന്നംകുളം) വിജിജെയിംസ് വർഗ്ഗീസ്, റ്റിന്റു.

രവീന്ദ്ര സംഗീതോത്സവം നവംബർ 9ന് കൊച്ചിയിൽ

രവീന്ദ്ര സംഗീതസന്ധ്യ നവംബർ 14ന് തൃശൂരിൽ

രവീന്ദ്ര പുരസ്കാരം ഗായിക സുജാത മോഹന്

കൊച്ചി: മലയാള ചലച്ചിത്ര സംഗീതശാഖയിലെ അനശ്വര പ്രതിഭ രവീന്ദ്രൻ മാസ്റ്ററുടെ സ്മരണാർത്ഥം രവീന്ദ്രൻ മാസ്റ്റർ മ്യൂസിക്കൽ ട്രസ്റ്റ് ഏർപ്പെടുത്തിയ 2026ലെ 'രവീന്ദ്ര പുരസ്കാര'ത്തിന് പ്രശസ്ത പിന്നണി ഗായിക സുജാത മോഹൻ അർഹയായി. ഭാവസാന്ദ്രമായ ആലാപനശൈലി കൊണ്ട് ഇന്ത്യൻ സംഗീതഭൂപടത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച സുജാതയുടെ സമഗ്ര സംഭാവനകളെ മുൻനിർത്തിയാണ് പുരസ്കാരമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

രവീന്ദ്രൻ മാസ്റ്ററുടെ സംഗീതജീവിതത്തെ അനുസ്മരിച്ചുകൊണ്ട് കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി നൽകിവരുന്നതാണ് ഈ പുരസ്കാരം. ശ്രീകുമാരൻ തമ്പി, കൈതപ്രം ദാമോദരൻ നമ്പൂതിരി, വിദ്യാധരൻ മാസ്റ്റർ, ഔസേപ്പച്ചൻ, ജോൺസൺ മാസ്റ്റർ, കെ.എസ്. ചിത്ര തുടങ്ങി സംഗീതലോകത്തെ കുലപതികളായിരുന്നു മുൻവർഷങ്ങളിൽ രവീന്ദ്ര പുരസ്കാരത്തിന് അർഹരായത്.

മാസ്റ്ററുടെ ജന്മദിനത്തോടനുബന്ധിച്ച് ട്രസ്റ്റ് സംഘടിപ്പിക്കുന്ന 21-ാമത് 'രവീന്ദ്ര സംഗീതോത്സവം' നവംബർ ഒൻപതിന് തിങ്കളാഴ്ച എറണാകുളം പാടിവട്ടം അസീസിയ കൺവെൻഷൻ സെന്ററിൽ അരങ്ങേറും. രാവിലെ ഒൻപതിന് ആരംഭിച്ച് രാത്രി പത്ത് വരെ നീളുന്ന 13 മണിക്കൂർ അഖണ്ഡ സംഗീതാർച്ചനയിൽ മലയാളത്തിലെ പ്രമുഖ പിന്നണി ഗായകരും യുവതലമുറയിലെ പ്രതിഭകളും ചേർന്ന് രവീന്ദ്രസംഗീതത്തിന്റെ മാസ്മരിക ഈണങ്ങൾ വേദിയിൽ ആലപിക്കും.

രവീന്ദ്ര സംഗീതസന്ധ്യ നവംബർ 14 ശനിയാഴ്ച വൈകിട്ട് ആറു മണിക്ക് തൃശ്ശൂർ പഴുവിൽ അസീസിയ കൺവെൻഷൻ സെന്ററിൽ നടക്കും. ഈ മെഗാ സാംസ്കാരിക നിശയിൽ സുജാത മോഹന് രവീന്ദ്ര പുരസ്കാരം സമർപ്പിക്കും. ചടങ്ങിൽ മധു ബാലകൃഷ്ണൻ, അഫ്സൽ, കല്ലറ ഗോപൻ, നജീം അർഷാദ്, സുദീപ് കുമാർ, ജ്യോത്സ്ന, മൃദുല വാര്യർ എന്നിവർ നയിക്കുന്ന ഗാനമേളയും, പ്രശസ്ത നർത്തകിയും ചലച്ചിത്രതാരവുമായ ആശാ ശരത്, കലാമണ്ഡലം സോഫിയ സുദീപ് എന്നിവരുടെ നൃത്തസമർപ്പണവും നടക്കുമെന്ന് കൊച്ചി പാടിവട്ടം അസീസിയ കൺവെൻഷൻ സെന്ററിൽ നടത്തിയ വാർത്താസമ്മേളനത്തിൽ രവീന്ദ്രൻ മാസ്റ്ററുടെ പത്നി ശോഭന രവീന്ദ്രൻ, മകനും സംഗീതസംവിധായകനുമായ സാജൻ മാധവ്, പ്രശസ്തപിന്നണി ഗായകൻ ബിജു നാരായണൻ, അസീസിയ ഗ്രൂപ്പ് പി.ആർ.ഒ ജലീൽ താനത്ത് എന്നിവർ അറിയിച്ചു

Ravindran Master Musical Trust
രവീന്ദ്ര സംഗീത സന്ധ്യ
14 NOV 2026 SATURDAY @ 6PM
AZEEZIA CONVENTION CENTRE PAZHUVIL, THRISSUR

രവീന്ദ്രൻ മാസ്റ്റർ മ്യൂസിക്കൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന രവീന്ദ്ര സംഗീതസന്ധ്യയുടെ കാര്യപരിപാടി കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പിന്നണി ഗായകൻ ബിജു നായണൻ വിശദീകരിക്കുന്നു. രവീന്ദ്രൻ മാസ്റ്ററുടെ മകൻ സാജൻ മാധവ്,പത്നി ശോഭന, അസീസിയ ഗ്രൂപ്പ് പി.ആർ.ഒ ജലീൽ താനത്ത് എന്നിവർ സമീപം.

സർക്കാർജീവനക്കാർക്കുള്ള സിവിൽസർവ്വീസസ് ടൂർണമെന്റ്സെപ്റ്റംബർ 16ന് അത്ലറ്റിക്സും ബാക്കി ഇനങ്ങൾ സെപ്റ്റംബർ 17നും നടത്തുന്നു

തൃശൂർ: 2026-2027 വർഷത്തെ ജില്ലാതലസിവിൽസർവ്വീസസ്ടൂർണമെന്റ്അത്ലറ്റിക്സ്മത്സരം2026സെപ്റ്റംബർ 16-ന് കുന്നംകുളംഗവ. മോഡൽ ബോയ്സ്ഹയർ സെക്കന്ററിസ്കൂൾ ഗ്രൗണ്ടിൽ വെച്ച്നടത്തുന്നു.

ഷട്ടിൽ ബാഡ്മിന്റൺ, ഫുട്ബോൾ, ടേബിൾടെന്നീസ്, സ്വിമ്മിങ്ങ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ക്രിക്കറ്റ്, പവർലിഫ്റ്റിങ്ങ്, ഗുസ്തി, വെയ്റ്റ്ലിഫ്റ്റിങ്ങ് &ബെസ്റ്റ് ഫിസിക്ക്, കബഡി, ചെസ്സ്, ഹോക്കി, കാരംസ്, ഖോ-ഖോ, ലോൺ ടെന്നീസ്, യോഗതുടങ്ങിയകായിക ഇനങ്ങൾ 2026 സംപ്റ്റംബർ 17-ന്നടത്തുന്നതാണ്. മത്സരത്തിന് താൽപര്യമുള്ള സർക്കാർജീവനക്കാർ 2026സെപ്റ്റംബർ 11-ന് 5.00 മണിക്കു മുമ്പായി തൃശ്ശൂർ ജില്ലാസ്പോർട്സ്കൗൺസിൽ ഓഫീസിൽഎലിജിബിലിറ്റിഫോമുംരജിസ്ട്രേഷൻ ഫീസ് 200/- രൂപയുംസമർപ്പിക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് നമ്പർ:0487 2332099, 8547352799.

ശാന്തിനികേതൻ കലോത്സവം ആരവ് - 2026 ഉദ്ഘാടനം

ഇരിങ്ങാലക്കുട ശാന്തിനികേതൻ പബ്ലിക് സ്കൂളിലെ സ്കൂൾ കലോത്സവം ' *ആരവ്* ടചഋട പ്രസിഡണ്ട് സന്തോഷ് ചെറാക്കുളം ഉദ്ഘാടനം നിർവ്വഹിച്ചു . ടചഋട ജോ. സെക്രട്ടറി സജിതൻ കുഞ്ഞിലിക്കാട്ടിൽ , സ്കൂൾ പാർലമെന്റ് ജനറൽ സെക്രട്ടറി ആത്മിക രാകേഷ് , ആർട്സ് സെക്രട്ടറി ഹരിപ്രിയ മുരളി എന്നിവർ സംസാരിച്ചു .പ്രിൻസിപ്പാൾ ഹരീഷ് മേനോൻ , വൈസ് പ്രിൻസിപ്പാൾ ഗീത രവീന്ദ്രൻ ,ഹെഡ് മിസ്ട്രസ് സജിത അനിൽ കുമാർ, കെ.ജി. ഹെഡ് മിസ്ട്രസ് ഗീത നായർ , സ്കൂൾ പാർലമെന്റ് ഭാരവാഹികളായ വിദ്യാർത്ഥികളും സന്നിഹിതരായിരുന്നു.

തുടർന്ന് വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന കലാപരിപാടികൾ നടന്നു. കൺവീനർ രേഷ്മ ' ആർ. മേനോൻ, ശാരിക ജയരാജ് എന്നിവർ നേതൃത്വം നൽകി.

കോടതി പരസ്യം

ബഹു. തൃശ്ശൂർ ചിട്ടി രജിസ്ട്രാർ / ആർബിട്രേറ്റർ മുമ്പാകെ

Dispute No. 954 /2025

കേരം ചിറ്റ്സ് & ലോൺസ്. പ്രൈവറ്റ് ലിമിറ്റഡ്

-ഹർജിക്കാരൻ

1) കുന്നംകുളം താലൂക്ക്, ചൊവ്വന്നൂർ വില്ലേജ് ദേശത്ത് ചൊവ്വന്നൂർ പി.ഒ-680 503 പൂപ്പറമ്പിൽ രഘുവരൻ ഭാര്യ കുമാരി
2) ചാവക്കാട് താലൂക്ക്, എളവള്ളി വില്ലേജ്, കോക്കൂർ ദേശത്ത് എളവള്ളി പി.ഒ., 680 511 കപ്പറമ്പിൽ ഗോപാലൻ മകൻ ജനീഷ്
3) കുന്നംകുളം താലൂക്ക്, ചൊവ്വന്നൂർ വില്ലേജ് ദേശത്ത് ചൊവ്വന്നൂർ പി.ഒ. - 680 503 പൂപ്പറമ്പിൽ രഘുവരൻ മകൻ സാനു

-2, 3, 5 എതൃകക്ഷികൾ

മേൽ നമ്പർ ഹർജികാര്യത്തിൽ 2, 3, 5 എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ തിയ്യതിക്കു പരസ്യം ചെയ്യുവാൻ കൽപിച്ച് മേൽ നമ്പർ ഹർജി **24-09-2026** വിചാരണക്കുവെച്ചിട്ടുള്ളതും ഇക്കാര്യത്തിൽ ഏന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ നിങ്ങളോ അധികാരപ്പെടുത്തിയ അഡ്വക്കേറ്റോ ഹാജരായി ബോധിപ്പിക്കേണ്ടതും ഹർജി തീർപ്പ് അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 2026 സെപ്തംബർ മാസം 05 തിയ്യതി
ഹർജിഭാഗം അഡ്വക്കേറ്റ് :
പ്രവീൺ മോഹൻ വി (ഒപ്പ്)